




# സ്പന്ദനങ്ങൾ

# ആമുഖം

ശാസ്ത്രത്തിൻറെ കാരുണ്യം ഇല്ലാതെ ഒരു ചുവടുപോലും മുന്നോട്ടുവയ്ക്കാൻ കഴിയാത്ത കാലത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്ര പഠനം പ്രക്രിയ ബന്ധവും ആണ് പ്രകൃതിയുടെ താളം തെറ്റാതെ സംരക്ഷിക്കേണ്ട ബാധ്യത നമുക്കാണ് അതിന് യോജിച്ച ശാസ്ത്രത്തെ ആണ് നാം സ്വീകരിക്കേണ്ടത്. അതിന്റെ പ്രതിഫലനമാണ് **സ്പന്ദനങ്ങൾ** എന്ന ഈ മാഗസിൻ.

# താളുകളിലൂടെ


| | |
|---|---|
| കാട്ടുപൂവ് | 7 |
| വയലിൽ വിതച്ച ശാസ്ത്രം | 9 |
| ഗലീലിയോ ഗലീലി | 10 |
| സഡാക്കോ സസാക്കി | 11 |
| കേരളഗാനം | 12 |
| മഹാത്മാഗാന്ധി | 13 |
| വള്ളത്തോൾ നാരായണമേനോൻ | 14 |
| കഴുതമനുഷ്യൻ | 15 |
| റോബോട്ടിക്സ് | 16 |
| വിക്കിപീഡിയ | 18 |
| പരിസ്ഥിതിയെ സംരക്ഷിക്കാം ജീവന്റെ തുടിപ്പ് കാക്കാൻ | 20 |
| ക്ളാസുകൾ | 23 |
| മനസ്സിലെ മുറിവുകൾ | 24 |
| ആദ്യമായ് | 25 |
| നിശബ്ദത | 26 |
| ലാഭം | 27 |
| പക | 28 |

| | |
|---|---|
| ചെറുധാന്യങ്ങളെ അറിയാം | 29 |
| അറ്റോസെക്കന്റിലെ പ്രകാശസ്പന്ദനം | 30 |
| ജലസുരക്ഷക്ക് മഴവെള്ളം | 31 |
| ചാന്ദ്രയാൻ 3 | 33 |
| എന്റെ സൂര്യൻ | 34 |
| IT Corner | 35 |
| Cyber awareness class | 36 |
| Freedom fest | 37 |
| Expert class | 38 |
| Classes for disabled students | 39 |

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| എഡിറ്റർ | : | അഫ്ന അഷറഫ് |
| സബ് എഡിറ്റർ | : | ഫിദ |
| അംഗങ്ങൾ | : | സഞ്ജയ് സുരേഷ് |
| | | അർജ്ജുൻ |
| | | ഹർഷിണി |
| | | അഫ്രഹാ ഷെറിൻ |
| | | അഫല |
| | | റഫ |
| ചിത്രീകരണം | : | ഷഹബാസ് |
| | | സയ്യിദ് |

2023- 24 അധ്യയന വർഷത്തിൽ പുറത്തിറക്കുന്ന

VHSS Valanchery യുടെ **സ്പന്ദനങ്ങൾ** എന്ന

മാഗസിന് ആത്മാർത്ഥമായ ആശംസകൾ .പിന്നിൽ

പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ.

Head Mistress

VHSS Valanchery



# കാട്ടുപ്പൂവ്

-അർജ്ജുൻ .ടി

ചിതറിത്തെറിക്കുന്ന ചിന്തകളിലെപ്പോഴും
നിന്റെയീ പുഞ്ചിരിയൊ മാത്രം
ഉണരുന്നു എന്നിലെ മോഹങ്ങളും

കൃഷ്ണ തുളസി കതിർത്തുമ്പു മോഹിക്കും
നിന്റെയീ വാർമുടി ചുരുളിലെത്താൻ
പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്ന നിൻ അരികിലെത്താൻ

താനെ വളർന്നൊരു കാട്ടുപൂവാണു ഞാൻ
വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജയ്ക്കെടുക്കാത്ത കാട്ടുപൂവാണു ഞാൻ
ഇഷ്ടമാണെന്നൊന്നും ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻ മുമ്പിലെത്തിടുമ്പോൾ
നിന്റെ കൊലുസ്സിന്റെ നാദങ്ങളിൽ ഞാൻ
താനേ മറന്നൊന്നും നിന്നിടുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു
ഇഷ്ടമല്ലെന്നൊരു വാക്കുനീ ചൊല്ലിയാൽ
വ്യർത്ഥമായിപ്പോകുമെൻ ജീവിതം
നീ നടക്കും വഴിയോരത്ത് എന്നെ

കണ്ടാൽ ചിരിക്കാതെ പോകരുതേ

നിന്റെയീ പുഞ്ചിരി മാത്രം മതി

എനിക്ക് ഇനിയുള്ള കാലം കാത്തിരിക്കാൻ

ഇനിയുള്ള കാലം കാത്തിരിക്കാൻ......



# വയലിൽ വിതച്ച ശാസ്ത്രം

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന
പ്രശസ്തനായ എം.എസ് സ്വാമിനാഥൻ കേരളത്തിന്റെ
അഭിമാനപുത്രനാണ്.ലോക പ്രശസ്തനായ ശാസ്ത്രകാരൻ
എന്നതിലുപരി ശാസ്ത്രം സ്വന്തം മാതൃരാജ്യത്തിന്റെ
സാമൂഹ്യപുരോഗതിക്ക് ഉപയുക്തമാകുന്നതിൽ നേതൃപരമായ
പങ്കുവഹിച്ച ദിഷണശാണി എന്ന നിലയിൽ അദ്ധേഹം
അറിയപെടുന്നു.അത്യുൽപാദന ശേഷിയുടെ ഇനങ്ങൾ
വികസിപ്പിച്ചെടുത്ത് ലോകത്തെ കാർഷികോൽപ്പാദനരംഗത്ത്
വിപ്ലവകമായ ശാസ്ത്ര മുന്നേറ്റങ്ങൾ നടന്നുകൊണ്ടിരുന്ന
കാലഘട്ടത്തിലായിരുന്നു അദ്ധേഹം ഇന്ത്യൻ അഗ്രികൾച്ചറൽ
റിസർച്ച ഇൻസ്റ്റിറ്റൂട്ടിൽ ശാസ്ത്രജ്ഞ്ഞനായത്.

ആ ചുവടുപിടിച്ച് ഇന്ത്യൻ കാർഷിക സാഹചര്യങ്ങൾക്ക്
യോജിച്ച ഇനങ്ങൾ വികസിപ്പിച്ചടുത്തു സസ്യജനിതിക
ശാസ്ത്രജ്ഞ്ൻ എന്ന നിലയിൽ ഇന്ത്യൻ കാർഷിക ഗവേഷണ
ഇൻസ്റ്റിട്ടു ഡയറക്ടർ ഐ.സി എ ആർ ജനറൽ ആസൂത്രണ
കമ്മീഷൻ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചും 2004 ൽ
ഡോ.സ്വാമിനാഥൻ ചെയർമാനായി രൂപികരിച്ച ദേശിയ കാർ
ഷിക കമ്മിഷൻ നൽകി ശുപാർശകൾ പ്രസകതമാണ്
40 ശതമാനം കർഷകരും കാർഷികരംഗത്തുനിന്ന് മാറിപോകാൻ
ആഗ്രഹിക്കുന്നു വെന്ന മുന്നറിയിപ്പുനൽകി ഉൽപാതന
ചെലവിന്റെ 150 ശതമാനം  താങ്ങു വില നൽകി കർഷകരുടെ
വരുമാനം ഉറപ്പാക്കണമെന്ന് ശുപാർയും നൽകി
ഡോ.സ്വാമിനാഥൻ നേരിട്ട്കാണാനും അടുത്തറിയാനും കഴി
ഞ്ഞിട്ടുണ്ട് വിശ്വാപ്രസിദ്ധനായ കേരള പുത്രനെ പറ്റി ഓരോ
മലയാളിക്കും അഭിമാനിക്കാം അതോടപ്പം അദ്ദേഹത്തിന്റെ
കാർഷിക വികസങ്കൽപങ്ങൾ പ്രയോഗികമാക്കാൻ പരിശ്രമിച്ച
അദ്ധേഹത്തെ എന്നും ഓർമിക്കാം...

# ഗലീലിയോ ഗലീലി



1642-ൽ ഗലീലിയോ വിടവാങ്ങി. ഗലീലിയോ മരിച്ചവർ ഐസക് ന്യൂട്ടൻ ജനിച്ചു! ആധുനിക ശാസ്ത്രവിപ്ലവത്തിന് തുടക്കം കുറിച്ചവരിൻ പ്രധാനിയാണ് ഗലീലിയോ

ഭൗതികശാസ്ത്രജ്ഞൻ, വാന നിരീക്ഷകൻ

ജോതിശസ്ത്രജ്ഞൻ, തത്ത്വചിന്തകൻ

എന്നീനിലകളിലൊക്കെ കഴിവുതെളിയിച്ച ഇറ്റലിക്കാരനായിരുന്നു.പ്രകൃതിയെ സംബന്ധിച്ച പല പഴയ വിശ്വസങ്ങളും തെറ്റാണെന്ന് ആദ്യമായി തെളിയിച്ചത് അദ്ദേഹമായിരുന്ന ലോക ചരിത്രത്തെ ഏറ്റവും സ്വധീനിച്ച നൂറു വ്യക്തികളുടെ ഹ്രസ്വ ചരിത്രമാണ് 'ദഹൽ ഡ്രഡ്'" എന്ന പേരിൽ മൈക്കിൾ ഹാർട്ട് 1978 ൽ പ്രസിദ്ധീകരിച്ച പുസ്തകം ഈ പട്ടികയിൽ പന്ത്രണ്ടാം സ്ഥാനം ഗലീലിയോയ്ക്കാണ് അക്കാലത്ത് 'ചാരക്കണ്ണാടി' (spyglass) എന്ന് അറിയപ്പെട്ടിരുന്ന ദൂരദർശിനി (telescope) ഗലീലിയോ പരിഷ്കരിച്ച് മെച്ചപ്പെടുത്തി ആകാശഗോളങ്ങളെ അദ്ദേഹം അതിലൂടെ നിരീക്ഷിച്ച 1607 ലാണ് ഈ സംഭവം നടന്നത് അങ്ങനെ ദൂരദർശിനി (telescope)ഉപയേഗിച്ച് വാനനിരീക്ഷണം നടത്തിയ ആദ്യത്തെ വ്യക്തി ഗലീലിയോ ആയി.

# സഡാക്കോ സസാക്കി

1945 ൽ ഹിരോഷിമയിൽ അമേരിക്കയുടെ അണുബോംബ് അക്രമത്തിൽ രക്തസാക്ഷി ആവേണ്ടിവന്ന ജപ്പാനീസ് പെൺകുട്ടിയാണ് സഡാക്കോ സസാക്കി സഡാക്കോയ്ക്ക് രണ്ട് വയസ്സുള്ളപ്പോഴാണ് ഹിരോഷിമയിൽ അണുബോംബിടുന്നത് അപ്പോൾ മരണത്തിൽ നിന്നും രക്ഷപ്പെട്ടെങ്കിലും,മാരകമായ അണുവികിരണങ്ങൾ അവൾക്ക് രക്താർ-ബുദം വരുത്തിവച്ചു ആയിരം കടലാസുകൊക്കുളെയുണ്ടാക്കി പ്രാർ-ത്തിച്ചാൽ ആഗ്രഹിക്കുന്ന കാര്യം സാധിക്കുന്ന ഒരു വിശ്വാസം ജപ്പാനിലുണ്ട് അതുപ്രകാരം രോഗം മാറാനായി സഡാക്കോ ആശുപത്രികിടക്കയിലുന്നു കടലാസ് കൊറ്റികളെയുണ്ടാക്കി പക്ഷെ 644 കൊറ്റികളെ ഉണ്ടാക്കിയപ്പോഴേക്കും അവൾ മരണത്തിന് കീഴടങ്ങി.പിന്നീട് അവളുടെ സുഹൃത്തുക്കൾ ചേർന്ന് 1000 എണ്ണം പൂർത്തിയാക്കി ആ കൊറ്റികളെ അവളോടൊപ്പം ദഹിപ്പിച്ചു. പിന്നീട് സഡാക്കോയും അവളുടെ ഒറിഗാമി കൊക്കുകളും ലോക സമാധാനത്തിന്റെ പ്രതീകമായി ലോകമെങ്ങും അറിയപ്പെട്ടു തുടങ്ങി



-സഞ്ജയ്

# കേരളഗാനം

ജയ ജയ കോമള കേരളധരണി
ജയ ജയ മാമക പൂജിത ജനനി
മലയജസുരഭില മാതൃതനേക്കം
മലയാളം ഹാ! മാമകരാജ്യം!
കല്പകതരുനീകരങ്ങൾ നിരക്കും
കല്പിതഭ്രുവാണെന്നുടെ രാജ്യം!
കള കളമോതിയീണങ്ങീവരുന്നൊരു
സീലലസമൃദ്ധം മാമകരാജ്യം
തഞ്ചുശുകീകളകണ്ഠനിനാദം
തുഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം!

-ജുനൈദ്.പി

# മഹാത്മാഗാന്ധി (1869-1948)

മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്ന മഹാത്മ ഗാന്ധി നമ്മുടെ രാഷ്ട്രപിതാവാണ് 1869 ഒക്ടോബർ 2-ന് പോർബന്ധറിലെ ഒരു വൈശ്യ കുടുംബത്തിൽ ജനിച്ചു.കസ്തൂർബയെ വിവാഹം ചെയ്തു.1893-ൽ ദക്ഷിണാഫ്രിക്കയിലെത്തി,അവിടുത്തെ ഇന്ത്യക്കാരുടെ പൗരാവകാശത്തിനു വേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം നൽ-കി.1894-ൽ 'നേറ്റാൽ ഇന്ത്യൻ കോൺഗ്രസ്'രൂപീകരിച്ചു.1901-ൽ ഇന്ത്യയിൽ തിരിച്ചെത്തി സത്യാഗ്രഹ പ്രസ്ഥാനം ആരംഭിച്ചു.അക്രമണരാഹിത്യത്തിലൂടെ നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ഇദ്ദേഹം ദക്ഷിണപരിശ്രമം ചെയ്തു. പല തവണ അറസ്റ്റ് ചെയ്യപ്പെടുകയും ജയിലിലടയിക്കപ്പെടുകയും ചെയ്തു. 1948 ജനവരി 30-ന് നാഥൂറാം വിനായക് ഗോഡ്സെയെന്ന മത ഭ്രാന്തൻ ഗാന്ധിജിയെ വെടിവെച്ചു കൊന്നു.

-ഹർഷിണി.എൻ.എം

## വള്ളത്തോൾ നാരായണമേനോൻ

1898 ഒക്ടോബർ 16-ന് ജനിച്ചു.ആധുനിക കവിത്രയത്തിൽ ഒരാൾ. കേരളവാത്മീകി എന്ന വിശേഷണത്തിനർഹനായി ദേശിയ കവിയായി വള്ളത്തോൾ വാഴ്ത്തപ്പെട്ടു വാങ്മയ ചിത്രത്തിന്റെ അവച്യമായ ഭംഗി



വള്ളത്തോൾ കവിതയുടെ പ്രത്യേകതയാണ്.1927-ൽ കേരള കലാമണ്ഡലം സ്ഥാപിച്ചു ഗണപതി ബന്ധനസ്ഥനായ അനിരുദ്ധൻ,ശിഷ്യനും മകനും,ചിത്രയോഗം(മഹാകാവ്യം) വാത്മീകി രാമായണ പരിഭാഷയെന്നിവ പ്രധാന കൃതികൾ. കവിതിലകൻ,ആസ്ഥാന കവി,പത്മഭൂഷൺ തുടങ്ങിയ ബഹുമതികൾ ലഭിച്ചു കേരള സാഹിത്യ അക്കാദമി ഉപാദ്ധ്യക്ഷൻ കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീനിലകളിലും പ്രവർത്തിച്ചു

1958 മാർച്ച് 13-ന് അന്തരിച്ചു

# കഴുത മനുഷ്യൻ


ഉത്തർപ്രദേശിലെ ഒരു നഗരത്തിൽ മുല്ലാസാഹിബ് എന്ന് ജനങ്ങൾ വിളിക്കുന്ന ഒരു പുരോഹിതൻ ജിവിച്ചിരുന്നു മതപരമായ കാര്യങ്ങളിൽ അദ്ദേഹത്തിന് അഗാധപാണ്ഡിത്ത്യമുണ്ടായിരുന്നു.വിടിനോടു ചേർന്ന് പണിത കെട്ടിടത്തിൽ വെച്ച് അദ്ദേഹം നിരവധി കുട്ടികൾക്ക് മതപാഠങ്ങൾ പകർന്നു കൊടുത്തു.സമീപത്തിൽ നിന്നും ദൂരദേശങ്ങളിൽനിന്നുമായി അനേകം കുട്ടികൾ അദ്ദേഹത്തിന്റെ ശിഷ്വത്വം സ്വീകരിച്ചു ശിഷ്യന്മാരിൽ നിന്നും ലഭിക്കുന്ന പ്രതിഫലം കൊണ്ട് അദ്ദേഹം തരക്കേടില്ലാത്ത രീതിയിൽ ജിവിതം തുടർന്നും പലകാര്യങ്ങളിലും സാത്വികതപ്രകൃതിയായിരുന്നുവെങ്കിലും പണത്തോട് അല്പം ആർത്തി അദ്ദേഹം കാണിച്ചു

അങ്ങനെ ഇരിക്കെ ഒരുന്നാൾ,പരദേശിയായി ഒരലക്കുക്കാരൻ തന്റെ ഭാര്യയേയും കഴുതയേയും കൂട്ടി ആ വഴി വന്നു.ആ വൃദ്ധദമ്പതികൾ ദൂരദേശത്തേക്ക് പോകുന്ന വഴി മുല്ലാസാഹിബിന്റെ വീടിനുമുന്നിലെത്തി. ദീർഘയാത്രയുടെ ക്ഷിണം മൂലം വിശ്രമിച്ചിട്ടാവാം ഇനിയാത്രയെന്ന് അവർ തീരുമാനിച്ചു.മുല്ലാസാഹിബിന്റെ മുറ്റത്തെ മരത്തിൽ കഴുതയെ കെട്ടിയിട്ട് അവർ പൊതിച്ചോർ അഴിച്ച് കഴിക്കാൻ തുടങ്ങി

അപ്പോഴാണ്,മുല്ലാസാഹിബിന്റെ വീട്ടിൽനിന്നും ഉറക്കയുള്ള സംസാരം കേട്ടത്.ഒരാൾ സാഹിബിനോട് കയർത്തും സംസാരിക്കുന്നതായിരുന്നു.ഇത് അലക്കുകാരനും ഭാര്യയും അതിന് കാതോർത്തു.

സാഹിബ്,നിങ്ങൾ എന്നോട് ചെയ്തത് ഒട്ടും ശരിയായില്ല.എന്തൊക്കെ പ്രതീക്ഷകളോടെയാണ് ഞാൻ എന്റെ മകനെ നിങ്ങളുടെ അടുത്തേക്ക് അയച്ചത്.

**-ഗോഗുൽ നിവേദ്**




## റോബോട്ടിക്സ്

മെക്കാനിക്കൽ എൻജിനീയറിങ്ങ്,ഇലക്ട്രോണിക്സ് എൻജിനീയറിങ്ങ്,കമ്പ്യൂട്ടർ സയൻസ് തുടങ്ങിയവ ഉൾപ്പെടുന്ന എൻജിനീയറിങ്ങ്,സയൻസ് വിഭാഗങ്ങളുടെ ഒരു അന്തർദശീ ശാഖയാണ് റോബോട്ടിക്സ്.റോബോട്ടുകളുടെ രൂപകൽപന,നിർമ്മാണം,ഉപയോഗം,പ്രവർത്തനം,കമ്പ്യൂട്ടർ സംവിധാനങ്ങൾ,സെൻസറിഫീഡ് ബാക്ക്,ഇൻഫർമേഷൻ പ്രോസസ്സിംഗ്,എന്നിവയുമായി റോബോട്ടിക്സ് കൈകാര്യം ചെയ്യുന്നു. മനുഷ്യർക്ക് പകരം ഉപയോഗിക്കാനും മനുഷ്യരുടെ പ്രവർത്തനങ്ങളെ പ്രതിപ്രവർത്തിപ്പിക്കാനും കഴിയുന്ന യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കാൻ ഈ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നു.ഏത് സാഹചര്യത്തിലും

ഏതുതരത്തിലും റോബോട്ടുകൾ ഉപയോഗിക്കുവാൻ കഴിയും ഇന്ന് അപകടകരമായ സാഹചര്യങ്ങൾ ബോംബ് കണ്ടെത്തലും നിർജ്ജീവനവും ഉൾപ്പെടെ ഉൽപ്പാദനപ്രക്രിയകൾ അല്ലെങ്കിൽ മനുഷ്യർക്ക് അതിജീവിക്കാൻ കഴിയാത്ത അവസ്ഥകളിൽ റോബോട്ടുകൾ ഉപയോഗിക്കുന്ന റോബോട്ടുകൾ ഏതെങ്കിലും രൂപത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയും ചിലർ മനുഷ്യരൂപത്തിൽ സാദൃശ്യം പുലർത്തുന്ന സാധാരണയായി ജനങ്ങൾ നടത്തുന്ന ചില ആവർത്തിക്കുന്ന സ്വഭാവരീതികളിൽ റോബോട്ട് സ്വീകരിക്കാൻ ഇത് സഹായിക്കുമെന്ന് പറയപ്പെടുന്ന നടത്തം,ലിഫ്റ്റിങ്,പ്രസംഗം,ബോധനം,അടിസ്ഥാനപരമായി ഒരു മനുഷ്യന് ചെയ്യാൻ കഴിയുന്നതെല്ലാം ആവർത്തിക്കാൻ  ഇത്തരം റോബോട്ടുകൾ ശ്രമിക്കുന്നു.ഇന്നത്തെ പല റോബോട്ടുകളും പ്രകൃതിയിൽ നിന്നും പ്രചോദനം ഉൾകൊണ്ട് ബയോ ഇൻസ്പെയറായ റോബൊബൊ ട്ടിക്ക്സിന് സംഭാവന നൽകുന്നു

WIKIPEDIA
The Free Encyclopedia

സ്വതന്ത്രസർവ്വവിജ്ഞാനകോശം

എല്ലാഭാഷകളിലും സ്വതന്ത്രവും സമ്പൂർണ്ണവുമായ വിജ്ഞാനകോശം നിർമ്മിക്കാൻ ഒരു കൂട്ടായ സംരംഭമാണ് വിക്കിപ്പിടിയ(ഇംഗ്ലീഷ് :വിക്കിപീഡിയ)ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിക്കിപീഡിയ ഫൗണ്ടേഷന്റെ പിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിക്കിപീഡിയയിലെ ഉള്ളടക്കം സ്വതന്ത്രപ്രസിദ്ധീകരണാനുമതി പ്രകാരം ലഭ്യമായതിനാൽ എപ്പോഴും സ്വാതന്ത്ര്യവും സൗജന്യവും ആയിരിക്കും.എങ്കിലും ചില പതിപ്പുകളിൽ സ്വതന്ത്രമല്ലാത്ത ഉള്ളടക്കവും നിലവിലുണ്ട്. വിക്കിപീഡിയ എന്ന പേര്,വിക്കി,എൻ സൈക്ലോപീഡിയ എന്നീ പദങ്ങളുടെ ഒരു മിശ്രശബ്ദമാണ് ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന സന്നദ്ധ സേവനതൽപരരായ ഉപയോക്താക്കൽ സഹകരണത്തോടെ പ്രവർത്തിച്ചാണ്

വിക്കിപീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്.ലേഖനം എഴുതുവാനും,മിക്കവാറും എല്ലാ ലേഖനങ്ങളും തിരുത്തി എഴുതുവാനും ഏവർക്കും സ്വാതന്ത്ര്യവും സൗകര്യവും വിക്കിപീഡിയ അനുവദിക്കുന്നുണ്ട് ജിമ്മിവെയിൽസ്,ലാറി സാങ്ങർ എന്നിവർ 2001 ജനുവരി 15 നാണ് വിക്കിപീഡിയ പദ്ധതിക്ക് തുടക്കം കുറിച്ചത്.വിദക്തന്മാർ ലേഖനങ്ങളെഴുതിയ നൂപീഡിയ എന്ന വെബ് വിജ്ഞാനകോശത്തിന്റെ പൂരകസംവിധാനമായാണ് വിക്കിപീഡിയ ആരംഭിച്ചത് ജനകീയ പങ്കാളിത്തത്തിലൂടെ മാതൃവെബ്സൈറ്റിനേക്കാൾ പ്രശസ്തി കൈവരിക്കാൻ വിക്കിപീഡിയയ്ക്ക് സാധിച്ചു ഇന്ന് ഇന്റർനെറ്റിൽ ഏറ്റവും പ്രശസ്തമായ പൊതു-അവലംബ ഉദ്യമമായി വിക്കിപീഡിയ കണക്കാക്കപ്പെടുന്നു.വിക്കിസോഫ്റ്റ് വെയർ എന്ന സംവിധാനമാണ് ഈ സ്വതന്ത്രവിജ്ഞാന കോശത്തിന്റെ അടിസ്ഥാനം.

**292 ഭാഷകളിൽ വിക്കിപീഡയയുടെ പതിപ്പുകളുണ്ട് 5,845,671 ൽ അധികം ലേഖനങ്ങളുള്ള ഇംഗ്ലീഷ് പതിപ്പാണ് ഈ സംരംഭത്തിന്റെ പതാകവാഹക. മലയാളമടക്കം 20 ഭാഷകളിൽ വിക്കിപീഡിയ പ്രവർത്തിക്കുന്നു**

## പരിസ്ഥിതിയെ സംരക്ഷിക്കണം

## ജീവന്റെ തുടിപ്പ് കാക്കാൻ



മനുഷ്യൻ ബോധപൂർവം, അല്ലാതെയും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാ ജീവികളുടെയും തുടർച്ചയെ ചോദ്യം ചെയ്യുന്ന വിധത്തിൽ ഭീഷണിയാവുന്നു.
വരാനുള്ള തലമുറകളും ഇവിടെ നിലനിൽക്കണമോ നമ്മുടെ ശീലങ്ങളിൽ മാറ്റിയെ പറ്റൂ.
നമ്മുടെ മുമ്പിലുള്ള കുട്ടികളിൽ പരിസ്ഥിതി ബോധവൽക്കരണം നടത്താനും പ്രകൃതി സംരക്ഷണം നടത്താനും

കാത്തു സൂക്ഷിക്കാനും നമുക്ക് സാധിക്കണം. പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിലൂടെ അവന്റെ സ്വഭാവ രൂപികരണത്തിന് അത് ഇടയാക്കുന്നു

വാട്സ്ആപ്പ് , ഫെയിസ്ബുക്ക് തുടങ്ങി വിവിധ സോഷ്യൽ മീഡിയകളിൽ മാത്രം ജിവിതം ഹോമിക്കുന്ന പുതു തലമുറയേയല്ല നമുക്ക് വേണ്ടത്. ചുറ്റുപാടുകളെ കണ്ടെത്താനും ,അവയെ സംരക്ഷിക്കാനും കെല്പുളള കണ്ണു തുറന്നു പിടിക്കുന്ന പുതു തലമുറയെയാണ് നാം സൃഷ്ടികേണ്ടത് .വരൾച്ചയും ,രൂക്ഷമായ കുടിവെളള പ്രശ്നങ്ങളും ,കാടുകൾകത്തിച്ചാമ്പലാവുന്നതും ,പ്രളയവും,പകർച്ചവ്യാധികളും തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങളാണ് വർത്തമാന കാലം നേരിടുന്നത് .ദുരിന്തമുഖത്ത് നിന്ന് അലറി വിളിക്കുന്നതിന് പകരം പ്രകൃതി ദുരന്തങ്ങൾക്ക് ഇടയാക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കാണ് നാം പരിശ്രമിക്കേണ്ടത്.നമ്മുടെ വായുവും,ജലവും,മണ്ണും മലിനമാക്കൽ പ്രവർത്തനം ഭീതിതമാം വിധം വർധിക്കുന്നു പരിത്ഥിതി സംരക്ഷണം ഒരോ വ്യക്തിയുടേയും കടമയാവണം. പ്രാണവായുവും, അന്നവും, ദാഹജലവും നൽകുന്ന ഭൂമിയെ കാത്തുസൂക്ഷിക്കേണ്ടത് നമ്മൾ ഒരോ വ്യക്തിയുടേയും കടമയാണ്. നഷ്ടപ്പെട്ടു പോയിക്കൊണ്ടിരിക്കുന്ന മണ്ണും,വിണ്ണും,വെള്ളവും സംരക്ഷിച്ചെ പറ്റൂ .നമ്മുക്ക് വീണ്ടെടുക്കണം പരിസ്ഥിതിസംരക്ഷണം ജീവിതചര്യായി



മാറണം. പരിസ്ഥിതി പഠനത്തിലും സംരക്ഷണ പ്രവർത്തനങ്ങലും വിദ്യാർഥികളും ഉറപ്പുവരുത്തുന്നതായി വിദ്യാലയങ്ങളിൽ രൂപികരിച്ച കൂട്ടായിമയായി പരിസ്ഥിതി ക്ലബിലെ അംഗങ്ങളുടെ മാത്രം ചുമതലയല്ല പരിസ്ഥിതി സംരക്ഷണം.നമുക്ക് അഭയം നൽകുന്ന പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാൻ കർത്തവ്യ ബോധമുള്ള വ്യക്തികളാക്കി കുട്ടികളെ മാറ്റിയെടുക്കുവാൻ പരിസ്ഥിക മൂല്യങ്ങളെയും,ദർശനങ്ങളെയും പറ്റിയുള്ള ധാരാണ വളരെ ചെറുപ്പത്തിൽതന്നെ അവരിൽ ഉണ്ടാവണം പരിസ്ഥിതിയെ സംബന്ധിച്ച ചുമതലകൾ ഏറ്റെടുക്കാൻ നാം കുട്ടികളെ പ്രാപ്തരാക്കണം സാമൂഹ്യബോധമുള്ള പൗരന്മാരായി വളരാനും വ്യക്തിത്വ വികസനത്തിനും നന്മകൾ കാത്തുസൂക്ഷിക്കാനും പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിലൂടെ സാധിക്കും പരിസ്ഥിതി ദിനത്തിലെ കേവലം ഒരു വൃക്ഷതൈതെ നടലിൽ മാത്രം ഒതുങ്ങേണ്ടതല്ല പരിസ്ഥിതി സംരക്ഷണം പ്രകൃതിയുടെ ഭദ്രതയ്ക്ക് നാളെയുടെ നന്മക്കായി നമുക്ക് കൂട്ടായി ശ്രമിക്കാം........

## CLASSES BY OUR SENIOR KITES





## *മനസ്സിലെ മുറിവുകൾ*

ഒരിടത്ത് ഒരു അപ്പു എന്ന പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു.അപ്പുവിന്റെ അമ്മയ്ക്ക് സംസാരിക്കാൻ കഴിയില്ലായിരുന്നു അപ്പുവിന് പരീക്ഷാ കടന്നു വരുകയാണ് അപ്പുറത്തെ വീട്ടിലെ അച്ചുവിന് അവന്റെ അമ്മ എന്നും സ്കൂൾ വിട്ടുവന്നാൽ പിടിപ്പിച്ചു കൊടുക്കുന്നത് കാണാറുണ്ട്.അതുകൊണ്ട് അപ്പുവിന്റെ കണ്ണ് അരുവിയായിമാറം.അവൻ അതൊക്കെ ഒരു ഡയറിയിൽ കുറിച്ചുവെക്കും. ഒരു ദിവസം അപ്പുവിന്റെ റുമിൽ നിന്ന് ആ ഡയറി കിട്ടി.അമ്മ അത് വായിച്ചു,സങ്കടം അടക്കാനായില്ല. അര കൊല്ലം മുമ്പ് അപ്പുവിന്റെ അച്ഛൻ ഒരു വാഹനപകടത്തിൽ മരിച്ചവിവരം അപ്പുവിനോട് പറയാൻ അവന്റെ അമ്മയ്ക്ക് കഴി ഞ്ഞിട്ടില്ല ഒരു ദിവസം അപ്പുവിന്റെ കൂട്ടുകാർ അപ്പുവിന്റെ വീട്ടിലേക്കു വന്നു അപ്പുവിന്റെ കൂട്ടുക്കാരിൽ ഒരുവൻ ചോദിച്ചു ഇതാരാ? അപ്പു പറഞ്ഞു അത് ഞങ്ങളുടെ വീട്ടിലെ ജോലിചെയ്യുന്നവരാ അതു കേട്ടപ്പോൾ അമ്മയുടെ കണ്ണുകൾ കവിഞ്ഞൊഴുകി.കൂട്ടുകാരിൽ ഒരുവൻ ചോദിച്ചു അപ്പോൾ നിന്റെ!ഒ

അമ്മയോ?അപ്പു പറഞ്ഞു: അമ്മ ബാങ്കിലെ മേനേജറായി ജോലിച്ചെയ്യുകയാ.എന്നെന്നക്കുമായി ആ അമ്മ മരണപ്പെട്ടു തന്റെ തെറ്റു മനസ്സിലാക്കിയ അപ്പു കുറ്റബോധക്കൊണ്ട് ആകാശത്തേക്കു നോക്കി മാപ്പുപറയുന്നു

# ആദ്യമായി.......



അവൻ ഇന്ന് നടന്നത് ഓർത്തിരുന്നു. "എങ്ങനെയുണ്ട് നിന്റെ സ്കൂൾ. അവൻ കൈ കൊണ്ട് നല്ല സ്കൂളാണെന്ന് ആഗ്യം കാണിച്ചു. ഇന്ന് സ്കൂൾ തുടങ്ങുകയാണ് അവൻ എണീറ്റ് കുളിച്ചൊരുങ്ങി പുസ്തകങ്ങൾ അവൻ ബാഗിൽ വെച്ചു പിന്നെ അവൻ കുറച്ചു നറുമണം പൂശി.അമ്മ വിളിച്ചു " മോനെ ഭക്ഷണം കഴിക്ക് "എന്ന് അമ്മ പറഞ്ഞു അവൻ ഒന്നും മിണ്ടിയില്ല പിന്നെ അവൻ പുറത്തേക്ക് ഇറങ്ങി ചരുപ്പ ധരിച്ചു പെട്ടന്ന് ഒരു ബസ്സിന്റെ ശബ്ദം അവൻ ബസ്സിൽ കയറി അവൻ ഒരു കുട്ടിയെ പരിചയപ്പെട്ടു അങ്ങനെ അവൻ സ്കൂളിൽ എത്തി അവൻ ബസ്സിൽ നിന്ന് ഇറങ്ങി അതി മനോഹരമായി അവൻ സ്കൂളിന്റെ പടികയറി അവൻ കൂട്ടുകാരോട് ചോദിച്ചു നീ ഏത് ക്ലാസിലാണ് പഠിക്കുന്നത് അവൻ കൈകൊണ്ട് കാണിച്ചു അവൻ ക്ലാസിൽ കയറി ടീച്ചർ വന്നു എല്ലാവരുടേയും പേര് അവൻ കൈകൊണ്ട് കാണിച്ചു ടീച്ചർക്ക് മനസിലായി അവന് സംസാര ശേഷിയില്ലെന്ന് .ടീച്ചർ ക്ലാസെടുത്തു ലെഞ്ച് ബെൽ അടിച്ചു അവൻ ഭക്ഷണം കഴിച്ചു കളിക്കാൻ പോയി കുറച്ചു കഴിഞ്ഞപ്പോൾ അവൻ തിരിച്ചുവന്നു ഇന്ന് അവന്റെ അച്ഛൻ വന്നിരുന്നു അച്ഛനോട് ഇന്ന് സ്കൂളിലേക്ക് പോയ കാര്യം പറഞ്ഞു. പിന്നേ അവൻ ഭക്ഷണം കഴിച്ചു. അപ്പോൾ അവൻ അറിയാതെ ഉറങ്ങി പോയി. അവൻ സ്വപ്നത്തിൽ ലയിച്ചു പോയി. പെട്ടന്ന് തന്നെ നേരം വെളുത്തു..........

# നിശബ്ദത

ഇരുട്ടത്ത് മനസ്സിൽ വെളിച്ചവുമായി അയാൾ നടന്നുനീങ്ങി ഇരുട്ടല്ല
ഏകാന്തതയല്ല മറ്റെന്തോ അലട്ടി നടന്ന അയാൾ കാലത്തിന്റെ
പാതയിൽ കൊന്നും കൊലവിളിച്ചും ചോരതൻ മണമുള്ള മണ്ണിൽ
ചവിട്ടിനടന്ന കണ്ണുപോൽ നോക്കിയ ജനനി തെരുവുവീഥിയിൽ
എന്നന്നേക്കുമായി ഉറങ്ങി കാടുകൾ പുഴകൾ വിരഹം നിറയുന്ന
അത്ര അമ്മയാം ഭൂമിയെ നശിപ്പിച്ചു കൊന്നു കള്ളവും കൊലയും
ചെയ്തു ജയി-ച്ചതും മനസ്സിൽ മാറ്റൊലി കൊണ്ട് അമ്മതൻ വാക്കുകൾ
നല്ല വാക്കോതുവാൻ  സത്യം പറയുവാൻ ശക്തിയുണ്ടാവണം ഇനി
എന്തുചെയ്യണം ഇനി എന്തിന് ഒറ്റക്ക് ഇരുളുകൾ കനത്തു മനസ്സിൽ
എങ്ങും നിശബ്ദത...........................

# ലാഭം




മനുഷ്യൻ
അവൻ ലാഭത്തിന്റെ
തത്വശാസ്ത്രത്തിൽ മാത്രം
വിശ്വാസമർപ്പിച്ചിരിക്കുന്നു
അവൻ
വിതയ്ക്കുന്നത്
ലാഭസ്വപ്നങ്ങൾ
കൊയ്യുന്നത് ദുരാഗ്രഹം

ഇന്ന് മനുഷ്യഭാവം
താളം ഭിഭത്സം കഠിനം
ഇന്ന് അവൻ സംസ്കാര ധ്വംസകൻ
അവൻ സ്വയം മറന്നവൻ
അവൻ ലാഭതത്വത്തിനടിമ
അവന്റെ രാഷ്ട്രീയം ലാഭം
ചൂഷണം മുഖമുദ്ര സ്വാർഥത
അവന്റെ ചിഹ്നം അവൻ
അമ്മയെ മറന്നവന്റെ
ചുണ്ടിൽരക്തത്തിന്റെ ചുവപ്പ്

# പക

കത്തുന്ന പകയുന്ന
പകയെരിഞ്ഞിടുന്ന ഇവിടെ
അവളുടെ പകയെരിഞ്ഞിടുന്ന
രാവും പകലും മിന്നി മാഞ്ഞിടുന്ന

പിച്ചികീറിയ അവളുടെ മനസ്സിൽ
നൂലിഴകളിൽ കുരുങ്ങി ഞാൻ
പറയുവാൻ ശ്രമിക്കുന്നു
പക്ഷേ,മനസ്സിലാവുന്നില്ല

അവളുടെ മനസ്സിൽ അടിത്തട്ടിലുണ്ടാകും
കാതൽ യാമം
രാവിൻ പകലായി മാറിയ ലോകം
രക്ത കാതൻ മനസ്സ ചുരണവൻ........

# ചെറു ധാന്യങ്ങളെ അറിയാം.....

അമിതവണ്ണം പ്രമേഹം രക്ത സമ്മർദം തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾ പിടിമുറുക്കുന്ന കാലത്ത് ആളുകൾ-ക്കിടയിൽ ആരോഗ്യബോധം പെട്ടെന്ന് വർധിക്കുന്നു. ആരോഗ്യകരമായ ഭക്ഷണങ്ങൾ ഏതൊക്കെ എന്ന് അറിഞ്ഞു കഴിക്കേണ്ടതുണ്ട്.ഇവിടെയാണ് ചെറുധാന്യങ്ങളെ അല്ലെങ്കിൽ millet കളുടെ ഗുണവും കഴിവും തിരിച്ചറിയേണ്ടതുണ്ട്.ഈ സൂപ്പർ ധാന്യങ്ങളാണ് ഒരു തരത്തിൽ നമ്മുടെ പൂർവികർക്ക് മികച്ച ആരോഗ്യവും ദീർ-ഘായുസ്സും സമ്മാനിച്ചിരുന്നത്.ഒരു കാലത്ത് ഇന്ത്യയിൽ തന്നെ പ്രധാന ഭക്ഷണമായിരുന്നു millets.കാലത്തിൻറ യാത്രയിൽ ആളുകളും അവരുടെ രീതികളും മാറി. ഭക്ഷണത്തിൻറ അനേക വൈവിധങ്ങൾ അവർ കണ്ടെത്തി.എന്നാൽ ഇവയെല്ലാം ഇവയെല്ലാം അവയെ നശിപ്പിക്കാൻ തക്കശക്തിയുതാണെന്ന് മനസ്സിലാക്കി വരുന്നതേയുള്ളൂ.ഫാസ്റ്റ് ഫുഡ്ഡുകളുടെ ആരോഗ്യകാലത്ത് ഇത്തരം ചെറുധാന്യങ്ങളുടെ പ്രസക്തി ഡയറ്റീഷന്മാർ തന്നെ സാക്ഷ്യ പ്പെടുത്തുന്നുണ്ട് .നമ്മുടെ ശരീരത്തിന് ചെറുധാന്യങ്ങൾ എത്രത്തോളം പ്രാധാന്യമാണെന്ന് പഠനങ്ങളും പറയുന്നുണ്ട്.

- [ആറ്റോസെക്കന്റിലെ പ്രകാശ സ്പന്ദനം]()


പ്രകാശസ്പന്ദനം അതിസൂക്ഷ്മമാണ്.അവയ്ക്ക് പിന്നാലെയുള്ള ഗവേശണയാത്ര പുതിയ വഴിത്തിരിവിലാണ്.അത്യധികം ഗവേഷണമായിരുന്നു ഇത്.അതിസൂക്ഷ്മ പ്രകാശസ്പന്ദനങ്ങളിലൂടെ ആറ്റങ്ങളുടെയും തന്മാത്രകളുടെയും ഉള്ളിലുള്ള ഇലക്ട്രോണ് ലോകത്തിന്റെ വിസ്മയങ്ങളിലേക്ക് വാതില് തുറന്ന ഗവേഷണങ്ങള്ക്കാണ്.ആറ്റോസെക്കന്റ് പ്രകാശസ്പന്ദനങ്ങളിലൂടെ ഇലക്ട്രോണുകളുടെ ദ്രുതചലനം ഊറ്ജതന്ത്ര നോബല് സമ്മാനം ലഭിച്ചത്.ആറ്റോ സെക്കന്ഡ് സമയത്തിനുള്ളിലാണ് ഇലക്ട്റോണ് ലോകത്ത് പല മാറ്റങ്ങളും നടക്കുന്നത്.

ഇതിനെ കുറിച്ച് പഠിക്കാനാണ് ആറ്റോസെക്കന്റ് പ്രകാശ സ്പന്ദനം.ഇതിലെ 10-8 ആണ് ഒരു ആറ്റോ സെക്കന്റ്

# ജലസുരക്ഷയ്ക്ക് മഴവെള്ളം

ആവശ്യത്തിന് ജലം ലഭിക്കുക എന്നത് ജീവൻ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ് ഇന്നും നമ്മുടെ രാജ്യത്ത് ദശലക്ഷകണക്കിന് ആളുകൾക്ക് കുടി വെള്ളം അപ്രാപ്യമാണ്. വലിയ മുതൽ മുടക്കം ഉയർന്ന സാങ്കേതിക വിദ്യയും ആവശ്യമുള്ള കുടിവെള്ള സംഭരണ പരിപാടികൾക്ക് പകരം ലളിതവും മുതൽമുടക്ക് കുറഞ്ഞതും വികേന്ദ്രീകൃതമായ ജലവിഭവ പരിപാലനവും ഇച്ഛാശക്തിയാണ് ഇന്ന് കേരളം പോലുള്ള ഭുപ്രദേത്തിനാവശ്യം മഴവെള്ള സംഭരണത്തെ നാം കാണേണ്ടതും വിലയിരുത്തേണ്ടതും ഈ സാഹചര്യത്തിലാണ്.

കേരളം ജലസമൃദ്ധ സംസ്ഥാനമാണെന്നാണ് പെതുവെയുള്ള ധാരണ.ആണ്ടോടാണ്ട് ശരാശരി ലഭിക്കുന്ന 3000 മി.മീ.മഴ. ചതുരശ്ര കീലോമീറ്ററിൽ അറുമ്പതോളം ഉപരിതല കിണറുകൾ,വർഷം മുഴുവൻ കാണുന്ന ഹരിത ജൈവ സാന്നിധ്യം ഇടവിട്ടുള്ള തോടുകളും പുഴകളും എന്നിവ കേരളം ജലത്തിന്റെ കാര്യത്തിൽ സമൃദ്ധമാണെന്ന ധാരണ നമ്മുടെ നാട്ടിനകത്തും പുറത്തും ഉണ്ടാക്കിയെടുത്തി-ട്ടുണ്ട്.



എന്നാൽ ഈ വിശ്വാസത്തിന് ഇളക്കം തട്ടിയത് 1983-ലും87-ലും ഉണ്ടായ വരൾച്ചക്ക് ശേഷമാണ്.2016-17 ലെ വരൾച്ച നമമുക്ക് നൽകിയത് ഒരാപത് സൂചനയാണ്. ഫെബ്രുവരി മാസം കഴിയുമ്പോൾ തന്നെ കേരളത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായ് നെട്ടോട്ടമോടുന്ന കാഴ്ച്ചയാണ് കുറേ വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്നത്.എന്നാല് ജൂൺ മുതൽ ജനുവരി മാസം വരെ ഇതിനെപറ്റി ആരും ചിന്തിക്കുന്നില്ല. ഇതിനെല്ലാം ഉപരി മലയാളിയുടെ ജലവിനിയോഗധരാളിത്തം പ്രശ്നം കൂടുതൽ-വഷളാക്കുന്നു.

# ചാന്ദ്രയാൻ 3

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനായ (ISRO)ചന്ദ്രനിലേക്കുള്ള ഇന്ത്യയുടെ ദൗത്യത്തിൽ ഒരു പരമ്പരയാണ് ചാന്ദ്രയാൻ.ISROയുടെ മൂന്നാമത്തെ ചാന്ദ്ര ദൗത്യമാണ് ചന്ദ്രയാൻ 3.ഇത് ഇന്ത്യയിലെ പ്രധാനപ്പെട്ട ബഹിരാകാശ ദൗത്യമാണ്.ചാന്ദ്രയാൻ 1,ചാന്ദ്രയാൻ 2 എന്നിവക്ക് ശേഷമുള്ള അടുത്ത പ്രോജക്റ്റാണ്ചാന്ദ്രയാൻ 3. ചാന്ദ്രയാൻ 3 2023 ജൂലൈ 4ന് ബഹിരാകാശത്തേക്ക് അയച്ചു.ചാന്ദ്രയാൻ 2 പരാജയത്തിന് ഏകദേശം 4 വർഷത്തിന് ശേഷമാണ് ചാന്ദ്രയാൻ 3 വിക്ഷേപിച്ചത്.ചന്ദ്രയാൻ 3 യുടെ പ്രദാന ലക്ഷ്യം ചന്ദ്രനിലെ ജലസാന്നിദ്ധ്യം തിരയുക എന്നതാണ്.ചന്ദ്രന്റെ ഭൂമിശാസ്ത്രചരിത്രം,പരിസ്ഥിതിഎന്നിവയും ചാന്ദ്രയാൻ 3 പടിക്കും.വിക്രം എന്ന ലാൻഡർ 2023 ആഗസ്റ്റ് 23ന് ബുധന് വൈകുന്നേരം 6:04ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ വിജയകരമായി സ്പർശി 2023 ആഗസ്റ്റ് 23ന് ഇന്ത്യ ചരിത്രം സ്രഷ്ടിച്ചു ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ എത്തുന്ന ആ രാജ്യമായി.


# എന്റെ സൂര്യൻ

പ്രകാശം പരത്തിടും സൂര്യൻ ഞാൻ
നക്ഷത്ര ഭീമാനാം സൂര്യൻ ഞാൻ
കത്തിജ്വലിച്ചിടും സൂര്യൻ ഞാൻ
സൗരയൂഥത്തിന്റെ കേന്ദ്രം ഞാൻ

ഭൂമിക്ക് ചൂടും വെളിച്ചവും നൽകും ഞാൻ
ഭൂമിതൻ നിലനിൽപ്പിനാദാരം ഞാൻ
ഹരിത സസ്യങ്ങള്ക്ക് ഭക്ഷണം നിർമ്മിക്കാൻ
എന്റെ പ്രകാശം വേണമത്രേ...
തോഴരായട്ട്  പേർ ചുറ്റും കറങ്ങിടും
ആ എട്ടുപേരിൽ ഒരാൾ ഭൂമിയാണെത്രേ...
എന്നും കിഴക്കായ് ഉദിച്ചുയർത്തിടും ഞാൻ
അസ്തമിക്കും പടിഞ്ഞാർ ദിക്കിൽ
ഹൈഡ്രജൻ ഹീലിയം വാതക ഭീമന്മാർ
എന്നിൽ നിറഞ്ഞങ് നിൽക്കുന്നുണ്ടേ...
ഹൈഡ്രജൻ ഹീലിയമായി മാറീടുമ്പോൾ
ഉനർജ്ജം നിറഞ്ഞിടും എന്നിലെന്നും
മഞ്ഞനിറത്തിലായി കാണുന്നുണ്ടെങ്കിലും
എന്റെ നിറം ശുദ്ധ വെള്ളയാണെ...
രാത്രിയിലും പകലുമായി ഭൂമിയെ മാറ്റിടാൻ
എന്നെ കഴിഞ്ഞേ മറ്റാരുമുള്ളൂ
നിങ്ങൾക്കുമെന്നെ കുറിച്ച് പടിച്ചിടാം
ശാസ്ത്രജ്ഞരായി വരൂ കൂട്ടുകാരെ...

# IT CORNER




Cyber awareness class
KSEB
02
ALPS Thozhuvanoor


Little kites VHSS Valanchery
Freedom fest 2023
Knowledge
Innovation
Technology



# EXPERT CLASS



# CLASSES FOR DISABLED STUDENTS



# നന്ദി

VHSS VALANCHERY
Unit No; LK/2018/19035
Valanchery -676552
hmvhss@gmail.com